©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## രണ്ടാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014) യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## രണ്ടാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-2014) യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

353/2024.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന.. | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

### ഘടന

<u>അദ്ധ്യക്ഷൻ</u> :-

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.

<u>അംഗങ്ങൾ</u> :-

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ

ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഷാജി സി ബേബി., സെക്രട്ടറി ഇൻ ചാർജ്

ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി  ജയശ്രീ. എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി  ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2019 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും ആയതിൻ പ്രകാരം സമിതി (2011-14), 2011 ഒക്ടോബർ 20 മുതൽ 2012 മേയ് 31 വരെ പരിഗണിച്ച ഹർജികളെ ആസ്പദമാക്കി തയ്യാറാക്കിയ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,

*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരൻമാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 14.

# റിപ്പോർട്ട്

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)യുടെ ഒന്നാമത് റിപ്പോർട്ട് 2012 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 15 ശിപാർശകൾ ഉണ്ടായിരുന്നു. സമിതിയുടെ 15 ശിപാർശകളിന്മേൽ സാമൂഹ്യനീതി, ഗതാഗതം, ആഭ്യന്തരം, തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, ആരോഗ്യകുടുംബ ക്ഷേമം എന്നീ വകുപ്പുകൾ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള പത്രികകൾ ലഭ്യമാക്കി. സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതിയുടെ 27-8-2013, 23-12-2014, 24-6-2015, 22-9-2015, 13-1-2016, 19-9-2019, 17-10-2023 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിച്ചു. റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്കു സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളും അദ്ധ്യായം ഒന്നിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചതും ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം -I

### ശിപാർശ -8

സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്ന 15 സർക്കാർ വൃദ്ധസദനങ്ങളും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന 154 വൃദ്ധസദനങ്ങളും സന്ദർശിക്കാനും അവയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും പ്രസ്തുത സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ/ ശിപാർശകൾ സർക്കാരിനെ അറിയിക്കാനും സമിതി ഉദ്ദേശിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിൽ വൃദ്ധസദനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

[(സാമൂഹ്യനീതി (സി) വകുപ്പിന്റെ 17-5-2013-ലെ 16429/സി2/2012/ സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

വൃദ്ധസദനങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമസ്ഥാപനങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡ് നിലവിലുണ്ട്. പരിഷ്കരിച്ച വയോജനനയവും കർമ്മപദ്ധതിയും നടപ്പിലാക്കുന്നതിനായി സെക്രട്ടേറിയറ്റ്, സാമൂഹ്യനീതി ഡയറക്ടറേറ്റ് തലങ്ങളിൽ സെൽ രൂപീകരിക്കുവാൻ നയത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ-9

ആരോഗ്യപ്രശ്നങ്ങൾമൂലം തിരക്കുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടനുഭവിക്കുന്ന വയോജനങ്ങളുടെ നിസ്സഹായാവസ്ഥ പരിഗണിച്ച് എല്ലാ ക്ഷേമപെൻഷനുകളും മണി ഓർഡർ ആയി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വെൽഫയർ സ്കീമുകളിൽ അംഗങ്ങളായ വൃദ്ധജനങ്ങളുടെ മരണാനന്തര സാമ്പത്തിക സഹായം 5,000 രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി (സി) വകുപ്പ് സ്വീകരിച്ച നടപടി

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 17-5-2013-ലെ 16429/സി2/2012/ സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

6-6-2012-ലെ സ. ഉ. (സാധാ) നം. 276/12/സാക്ഷേവ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പെൻഷൻ പദ്ധതികളും മറ്റ് ധനസഹായങ്ങളും 2013 ഏപ്രിൽ 1 മുതൽ UID നിർബന്ധമാക്കി ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതാണ്. എന്നിരുന്നാലും വൃദ്ധർ, അവശത അനുഭവിക്കുന്നവർ, വിഭിന്ന ശേഷിയുള്ളവർ, തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് മണി ഓർഡർ സംവിധാനം തുടരുന്നതിനാണ് താത്പര്യമെങ്കിൽ അവർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ഓപ്ഷൻ നൽകുന്നതിന് വിധേയമായി നിലവിലുള്ള സംവിധാനം തുടരുന്നതിന് 31-12-2012-ലെ സ. ഉ. (സാധാ.) നം. 577/12/സാനീവ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വെൽഫയർ സ്കീമുകളിൽ അംഗങ്ങളായ വൃദ്ധജനങ്ങളുടെ മരണാനന്തര സാമ്പത്തിക സഹായം 5,000/- രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. എന്നാൽ ഇക്കാര്യം വെൽഫെയർ സ്കീമുകൾ നടത്തുന്ന വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ -10

സമൂഹത്തെ അലോസരപ്പെടുത്തുന്ന അസംതൃപ്തരായ വിഭാഗമായി മുതിർന്ന പൗരൻമാരെ കാണാതെ അറിവും അനുഭവസമ്പത്തും ആവോളമുള്ള ജനസമൂഹമായി കാണാനും അവരെ ആദരവോടെ ഉൾക്കൊള്ളാനും അംഗീകരിക്കാനുമുള്ള മനസ്സ് വളർന്നുവരുന്ന തലമുറയിൽ ഉണ്ടാക്കുന്നതിനായി വയോജന പരിപാലനത്തിനും ക്ഷേമത്തിനും മുൻതൂക്കം നൽകി സ്കൂൾ പാഠ്യപദ്ധതി നിർണ്ണയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി

[പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 10-12-2018-ലെ ഡി2-311/2018/പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

വയോജന പരിപാലനത്തിനും ക്ഷേമത്തിനും ഊന്നൽ നൽകിയാണ് നിലവിലെ സ്കൂൾ പാഠ്യ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളിൽ രൂപപ്പെടേണ്ട മൂല്യങ്ങളും മനോഭാവങ്ങളും നിർണ്ണയിച്ചപ്പോൾ വയോജന പരിപാലനം-ക്ഷേമം എന്നീ മേഖലയും പരിഗണിച്ചിരുന്നു. വിവധ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ നിശ്ചയിച്ചപ്പോൾ ഈ മേഖലയ്ക്ക് പ്രാധാന്യം നൽകിയിരുന്നു. കൂടാതെ കുട്ടികളുടെ അധിക വായനക്കും റഫറൻസിനുമായി എസ്. സി. ഇ. ആർ.ടി. "സുവർണ സായാഹ്നം" എന്ന പേരിൽ ഒരു റഫറൻസ് പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും സമഗ്രമായ രീതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്കൂൾ പാഠ്യ പദ്ധതി സമഗ്രമായി പരിഷ്കരിക്കണമെന്ന സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം നിലവിലെ പാഠ്യ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്ന അവസരത്തിൽ ഈ മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാവുന്നതാണ്.

(സമിതിയുടെ 19-9-2019-ലെ യോഗത്തിൽ അംഗീകരിച്ചു.)

### ശിപാർശ -11

വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാത്ത വരുമാനമുള്ള മക്കൾക്കെതിരെ പരാതി കൊടുക്കാൻ മാതാപിതാക്കൾ തയ്യാറാകാത്ത സാഹചര്യം ഇന്ന് നിലവിലുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

[തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിന്റെ 15-5-2015-ലെ 76527/ഡി.സി3/2012/ തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

വയോജനങ്ങളുടെ സംരക്ഷണത്തിനുള്ള ജാഗ്രതാസമിതികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സാമൂഹ്യനീതി വകുപ്പാണ്. ആയതിനാൽ നിയമസഭാസമിതി നിർദ്ദേശത്തിന്റെ പകർപ്പ്, നടപടി സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറിയിട്ടുണ്ട്.

പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വനിതാ ജാഗ്രതാ സമിതികൾ രൂപീകരിച്ച മാതൃകയിൽ, സംസ്ഥാനത്തെ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള ജാഗ്രതാസമിതികൾ രൂപീകരിക്കാൻ തീരുമാനിക്കുകയും ആവശ്യമായ പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന മുറയ്ക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ജാഗ്രതാസമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സമിതിയുടെ 22-9-2015-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ -12

വീടുകളിൽ മറ്റംഗങ്ങൾ ഇല്ലാത്ത പകൽ സമയത്ത് വയോജനങ്ങൾ വളരെയധികം ഏകാന്തതയും അസഹിഷ്ണുതയും അനുഭവിക്കുന്നതായി ജില്ലകളിലെ സന്ദർശനവേളയിൽ വളരെപ്പേർ സമിതി മുമ്പാകെ പരാതിപ്പെടുകയുണ്ടായി. ഇത് മാനസിക പ്രശ്നങ്ങളടക്കം പലവിധ രോഗങ്ങൾക്കും വഴിതെളിക്കുന്നതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത പ്രശ്നപരിഹാരത്തിനായി ത്രിതല പഞ്ചായത്ത് തലത്തിൽ പകൽ വിശ്രമകേന്ദ്രങ്ങൾ/പകൽ പരിശീലനകേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കണമെന്നും വിശ്രമകേന്ദ്രങ്ങൾക്കായി പത്ത് സെന്റ് സ്ഥലം വാങ്ങുന്നതിനായി ബജറ്റിൽ തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

[തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിന്റെ 13-10-2014-ലെ 65881/ഡി.എ 3/14/ തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം [സ.ഉ. (എംഎസ്.) നം. 362/13/തസ്വഭവ തീയതി 16-11-2013] വികസന ഫണ്ടിൽ നിന്നും കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കുവേണ്ടി 5% തുക നീക്കിവയ്ക്കുവാൻ നിഷ്കർഷിക്കുന്നുണ്ട്. ഈ തുകയിൽ നിന്നും ത്രിതല പഞ്ചായത്തുകൾക്ക് വയോജന ക്ഷേമത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. ഇതിൽ വയോജനങ്ങൾക്കായുള്ള പകൽ വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അതിനുള്ള സ്ഥലം വാങ്ങുന്നതിനുമുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾക്ക് ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. ഇതിനായി പ്രത്യേക തുക ബജറ്റിൽ വകയിരുത്തുന്ന കാര്യം

തൽക്കാലം സർക്കാർ പരിഗണനയിലില്ലാത്തതും മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും പ്രകാരം വയോജന ക്ഷേമത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു.

(സമിതിയുടെ 23-12-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ -13**

വൃദ്ധസദനങ്ങളിൽ ലാബ് സൗകര്യം ഇല്ലാത്തതിനാൽ രോഗികളായ അന്തേവാസികൾക്ക് മാസം തോറുമുള്ള ബ്ലഡ്, യൂറിൻ തുടങ്ങിയ പരിശോധനകൾക്ക് നിലവിൽ മാർഗ്ഗമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ വൃദ്ധസദനങ്ങളിൽ മാസം തോറും എത്തി രോഗികളുടെ ബ്ലഡ്, യൂറിൻ എന്നിവ പരിശോധിക്കുന്നതിനായി ഒരു നഴ്സിംഗ് അസിസ്റ്റന്റിനെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

[ആരോഗ്യകുടുംബക്ഷേമ (എച്ച്) വകുപ്പിന്റെ 17-10-2015-ലെ 291136(3)/എച്ച്1/15/ആകുവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി.]

ആരോഗ്യവകുപ്പിൽ രോഗികളുടെയും, കിടക്കകളുടെയും ആനുപാതികമായിട്ടാണ് ജീവനക്കാരുടെ തസ്തികകൾ നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ ജീവനക്കാരുടെ എണ്ണം ആശുപത്രിയുടെ പ്രവർത്തനത്തിന് പര്യാപ്തമാകും വിധമാണ് ലഭ്യമായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ആശുപത്രി ജീവനക്കാരെ ആശുപത്രിക്ക് പുറത്തുള്ള സ്ഥാപനങ്ങളിൽ ഇതര ആവശ്യങ്ങൾക്കായി നിയോഗിക്കുന്നത് നിലവിലുള്ള ആശുപത്രി പ്രവർത്തനങ്ങളെ ബാധിക്കാൻ സാധ്യതയുള്ളതിനാൽ വൃദ്ധസദനങ്ങളിൽ പോയി രക്തസാമ്പിളുകൾ ശേഖരിക്കുക എന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ട്. ഇതിനായി മറ്റ് സംവിധാനങ്ങളുടെ സാധ്യതപരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(സമിതിയുടെ 13-1-2016-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ - 14**

ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളെ മാസം തോറും സന്ദർശിച്ച് അവർക്കാവശ്യമായ സംരക്ഷണം ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും ആയത് കൃത്യമായി നടപ്പിലാക്കുന്നില്ലെന്ന് സമിതി കണ്ടെത്തുകയുണ്ടായി. ആയതിനാൽ പ്രസ്തുത ഉത്തരവ് കർശനമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആഭ്യന്തര വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

## ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി

[ആഭ്യന്തര (ജി) വകുപ്പിന്റെ 19-5-2015-ലെ 7748/ജി3/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

വൃദ്ധജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷനിലെ ഒരു പ്രതിനിധിയും ഒരു സാമൂഹിക പ്രവർത്തകനും കൂടി മാസം തോറും സന്ദർശനം നടത്തണമെന്നും അവർ സഹായം ആവശ്യപ്പെടുന്ന അവസരങ്ങളിൽ ആവശ്യമായ സഹായം അടിയന്തരമായി ലഭ്യമാക്കണമെന്നും 11-3-2010-ലെ 16/2010 നമ്പർ പി.എച്ച്.ക്യൂ. സർക്കുലർ പ്രകാരം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുള്ളതാണ്.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി വോളന്റിയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും, പ്രസ്തുത സ്റ്റേഷനുകളിലെ GASI/SCPO/CPO-യെ ELDER FRIENDLY OFFICER ആയി തെരഞ്ഞെടുത്തിട്ടുള്ളതും ELDER FRIENDLY OFFICER, വോളന്റിയർ കമ്മിറ്റിയിലെ ഒരംഗത്തോടൊപ്പം എല്ലാ മാസവും നിശ്ചിത സമയത്ത് വൃദ്ധജനങ്ങൾ ഒറ്റക്ക് താമസിക്കുന്ന ഭവനങ്ങൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ സംരക്ഷണം ലഭ്യമാക്കി വരികയും ചെയ്യുന്നു. ഇവക്കു പുറമേ പോലീസ് സ്റ്റേഷനുകളിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടി ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കുകയും, ഒറ്റക്ക് താമസിക്കുന്ന വൃദ്ധജനങ്ങൾക്ക് അടിയന്തര സഹായങ്ങൾ നൽകുന്നതിനായി അവരുടെ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നുമുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ബീറ്റ് ഓഫീസർമാരോട് വൃദ്ധജനങ്ങൾ തനിച്ച് താമസിക്കുന്ന മേഖലകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുവാനും, റസിഡന്റ് അസോസിയേഷനുകളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താനും സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

(സമിതിയുടെ 24-6-2015-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ - 15

തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ബസ്സ് യാത്രാക്കൂലിയിൽ ഇളവ് അനുവദിക്കുന്നതായി സമിതിക്ക് ലഭിച്ച ഹർജികളിൽ പലരും ചൂണ്ടിക്കാട്ടുകയുണ്ടായി. ഈ സൗജന്യം കേരളത്തിലും നടപ്പിലാക്കാൻ നടപടി വേണമെന്നും കെ.എസ്.ആർ.ടി.സി. ബസ്സിൽ മുതിർന്ന പൗരന്മാർക്ക് 30% ഇളവ് അനുവദിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി

[ഗതാഗത (എ) വകുപ്പിന്റെ 9-4-2013-ലെ 19551/എ 2/2012/ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി, സർക്കാർ നിശ്ചയിച്ചിട്ടുള്ള അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കും വിദ്യാർത്ഥികൾക്കും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് ഇതര വിഭാഗങ്ങൾക്കും യാത്രാസൗജന്യവും സൗജന്യയാത്രയും കെ.എസ്.ആർ.ടി.സി. അനുവദിക്കുന്നുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി കാരണം മുതിർന്ന പൗരന്മാർക്ക് സൗജന്യയാത്ര അനുവദിക്കുവാൻ നിർവ്വാഹമില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഈ വകയിൽ ഉണ്ടാകുന്ന നഷ്ടം ഗവൺമെന്റ് മുൻകൂറായി സബ്സിഡൈസ് ചെയ്യുമെങ്കിൽ മുതിർന്ന പൗരന്മാർക്ക് സൗജന്യയാത്ര അനുവദിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് വിരോധമില്ല.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ - 16

60 വയസ്സ് വരെ വിദേശത്ത് ജോലി ചെയ്യുന്നവർ അതിനുശേഷം നാട്ടിലേക്ക് തിരികെ വരുന്നത് സംസ്ഥാനത്ത് വയോജന സാന്നിദ്ധ്യം കൂടുന്നതിന് കാരണമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. നിയമങ്ങൾ നടപ്പാക്കിയും ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചും വയോജനങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനും സുരക്ഷ ഉറപ്പാക്കാനും സർക്കാരിന് കഴിഞ്ഞേക്കാമെങ്കിലും അതിനൊപ്പം വയോജനങ്ങൾ ആഗ്രഹിക്കുന്ന സ്നേഹവും സാന്ത്വനവും ലഭിക്കണമെങ്കിൽ അവരുടെ കുടുംബാംഗങ്ങൾ തന്നെ വിചാരിക്കണമെന്നതാണ് സമിതിയുടെ അഭിപ്രായം. വൃദ്ധജനങ്ങളുടെ മാനസിക സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെയും ത്രിതല പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 17-5-2013-ലെ 16429/സി2/2012/സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

സർക്കാർ വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് നടത്താനുള്ള നടപടികൾ മാനേജ്മെന്റ് കമ്മിറ്റി മുഖേന സ്വീകരിക്കുവാൻ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി മുഖേന വയോജനങ്ങൾക്ക് കൗൺസിലിംഗ് നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ വൃദ്ധർക്കായി നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നും വയോജനങ്ങൾക്കു വേണ്ടി പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

[തദ്ദേശസ്വയംഭണ (ഐ.ബി.) വകുപ്പിന്റെ 14-10-2014-ലെ 56444/ഐബി2/2013/ തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

വൃദ്ധജനങ്ങളുടെ മാനസിക സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിനായി, കൊടകര, ളുണേരി ബ്ലോക്ക് പഞ്ചായത്തുകളിൽ വയോജനങ്ങൾക്കായി കില രൂപീകരിച്ച അയൽക്കൂട്ടം-സീനിയർ സിറ്റിസൺ ഫോറം മറ്റ് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിനാവശ്യമായ പരിശീലന പദ്ധതി കില തയ്യാറാക്കി വരുന്നു. പഞ്ചായത്തുകളുടെ ആസൂത്രണ പദ്ധതി വിഹിതത്തിൽ നിന്നും 5 % വരുന്ന തുക ഈ ആവശ്യത്തിനായി വിനിയോഗിക്കുവാൻ പഞ്ചായത്തുകൾക്ക് പദ്ധതി രൂപീകരണ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി സാധിക്കും.

(സമിതിയുടെ 23-12-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ - 17**

സാമ്പത്തിക ഭദ്രതയുള്ള വൃദ്ധരായ ദമ്പതികൾ മാത്രം കഴിയുന്ന വീടുകളിൽ കവർച്ച, കൊലപാതകം എന്നിവ സമീപകാലത്ത് വർദ്ധിച്ചുവരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അത്തരം കുടുംബങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്നും അത്തരം കുടുംബങ്ങളിലെ മുതിർന്നവർക്കായി പെയ്ഡ് ഓൾഡ് ഏജ് ഹോമുകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 17-5-2013-ലെ 16429/സി2/2012/സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

പരിഷ്കരിച്ച വയോജനനയത്തിൽ വയോജനങ്ങൾക്കായി പ്രത്യേക ശ്രമങ്ങൾ ആരംഭിക്കുമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ - 18

മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്റ്റ് 2007, റൂൾസ് 2009 പ്രകാരം ഓരോ ജില്ലയിലും വൃദ്ധ ജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് മെയിന്റനൻസ് ട്രിബ്യൂണൽ ഓഫീസറായി നിയമിച്ചിരിക്കുന്നത് ആർ.ഡി.ഒ.-മാരെയാണ്. ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ആർ.ഡി.ഒ. മുമ്പാകെ അപേക്ഷ നൽകി പ്രശ്നപരിഹാരം കാണുക എന്നത് യാത്ര ചെയ്യുന്നതിനും മറ്റും ക്ലേശം അനുഭവിക്കുന്ന വൃദ്ധജനങ്ങളെ സംബന്ധിച്ചിടത്തോളം ദുഷ്കരമാകയാൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബി.ഡി.ഒ.-മാരെ മെയിന്റനൻസ് ട്രിബ്യൂണൽ ഓഫീസർമാരായി നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

[തദ്ദേശസ്വയംഭരണ (ഇ.ആർ.എ.) വകുപ്പിന്റെ 15-10-2013-ലെ 56663/ഇ.ആർ.എ 2/13/ തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സീറ്റിസൺസ് ആക്റ്റ് 2007, റൂൾസ് 2009 പ്രകാരം ഓരോ ജില്ലയിലും വൃദ്ധജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് ആർ.ഡി.ഒ.-മാരെയാണ് നിലവിൽ മെയിന്റനൻസ് ട്രിബ്യൂണൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. നിയമത്തിലും ചട്ടങ്ങളിലും അധിഷ്ഠിതമായ അർദ്ധ-ജുഡീഷ്യൽ അധികാരം ഉള്ള സംവിധാനമായതിനാൽ മെയിന്റനൻസ് ട്രിബ്യൂണൽ ഓഫീസർമാരായി ആർ.ഡി.ഒ.-മാർ തുടരുന്നത് തന്നെയാണ് ഉചിതം എന്ന് സർക്കാർ വിവക്ഷിക്കുന്നു.

(സമിതിയുടെ 23-12-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ - 19

മുതിർന്ന പൗരൻമാരെ സംബന്ധിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്ന ഇന്നത്തെ അവസ്ഥ ഒഴിവാക്കുന്നതിനായി മുതിർന്ന പൗരൻമാർ വാദിയായോ, പ്രതിയായോ വരുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കുടുംബ കോടതി, സ്പീഡ് ട്രാക്ക് കോടതി എന്നിവ പോലെ ഓരോ ജില്ലയിലും പ്രത്യേകമായി സീനിയർ സിറ്റിസൺസ് കോർട്ട് രൂപീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

### സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 17-5-2013-ലെ 16429/സി2/2012/സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

മുതിർന്ന പൗരൻമാരുടെയും രക്ഷിതാക്കളുടെയും ക്ഷേമവും സംരക്ഷണവും നിയമപ്രകാരം വയോജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ട്രൈബ്യൂണലായും ജില്ലാ കളക്ടർമാരെ അപ്പലേറ്റ് ട്രൈബ്യൂണലായും നിയമച്ചിട്ടുണ്ട്. സീനിയർ സിറ്റിസൺസ് കോർട്ട് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

### ശിപാർശ - 20

നിലവിലെ സാമൂഹ്യവ്യവസ്ഥയിൽ ഒറ്റപ്പെടുന്ന മുതിർന്ന പൗരൻമാരിൽ അധികവും സ്ത്രീകളാണെന്ന് സമിതി മനസ്സിലാക്കുന്നു. ഭർത്താവ് മരിക്കുന്നതോടെ ഒറ്റപ്പെടുന്ന ഇവരുടെ പിന്നീടുള്ള ജീവിതം അവഗണനയുടേതാകുന്നു. ആയതിനാൽ വിധവകളും അവിവാഹിതകളുമായ മുതിർന്ന പൗരൻമാരുടെ ജീവിത സംരക്ഷണം ഉറപ്പുവരുത്തേണ്ടത് ഒരു ജനകീയ സർക്കാരിന്റെ ചുമതലയായി കണ്ട് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ "ഓൾഡ് ഏജ് വിമൻസ് ഹോം" തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 17-5-2013-ലെ 16429/സി2/2012/സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

സ്ത്രീകളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ മഹിളാ മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും വൃദ്ധമന്ദിരങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

### ശിപാർശ - 21

വയോജനങ്ങൾക്ക് സ്വാഭാവികമായി ഉണ്ടായേക്കാവുന്ന മാനസിക മുരടിപ്പ് അകറ്റുന്നതിനും അവരിലെ ക്രിയാത്മകശേഷി വർദ്ധിപ്പിക്കുന്നതിനുമായി ശാരീരിക, മാനസിക ആരോഗ്യമുള്ള വൃദ്ധജനങ്ങളുടെ ഒഴിവുസമയങ്ങൾ ചെലവഴിക്കാൻ പഞ്ചായത്തുകൾ തോറും വൃദ്ധജനങ്ങൾക്കായി റിക്രിയേഷൻ കേന്ദ്രങ്ങൾ, വായനശാലകൾ തുടങ്ങിയവ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

[തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിന്റെ 15-5-2015-ലെ 76527/ഡി.സി3/2012/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

കുട്ടികളുടെയും മുതിർന്ന പൗരന്മാരുടെയും മറ്റും വികസനത്തിനായി ഉപയോഗിക്കുന്ന 10% പ്ലാൻ ഫണ്ടിൽ നിന്നും ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. പല പഞ്ചായത്തുകളും ഇത്തരം പദ്ധതികൾ ഇതിനോടകം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

(സമിതിയുടെ 22-9-2015-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)

**22-9-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം**

കുട്ടികളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള 10% പ്ലാൻ ഫണ്ട് ഉപയോഗിച്ച് വൃദ്ധജനങ്ങൾക്കായി റിക്രിയേഷൻ കേന്ദ്രങ്ങൾ, വായനശാലകൾ തുടങ്ങിയവ ആരംഭിക്കാത്ത പഞ്ചായത്തുകളെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുക.

**തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്**

[തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിന്റെ 29-10-2018-ലെ 682/ഡി.സി3/2018/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

നിലവിലെ മാർഗ്ഗരേഖപ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം. എസ്.സി.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5% തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ 333 ഗ്രാമ പഞ്ചായത്തുകളിലായി 448 പകൽവീടുകൾ നിലവിലുണ്ട്. ഇവയിൽ 302 പകൽവീടുകൾ പ്രവർത്തനക്ഷമമാണ്. ടി പകൽവീടുകളിൽ മിക്കതിലും വൃദ്ധജനങ്ങൾക്കായി റിക്രിയേഷൻ സംവിധാനങ്ങളും ഒരുക്കിയിട്ടുള്ളതാണ്. പകൽവീടുകൾ കൂടാതെ വൃദ്ധജനങ്ങൾക്കായുള്ള പ്രത്യേകം റിക്രിയേഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതും ഇല്ലാത്തതുമായ ഗ്രാമ പഞ്ചായത്തുകളുടെ

വിവരവും, പകൽവീടുകൾ ഇനിയും സ്ഥാപിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ സംബന്ധിച്ച വിശദവിവരവും ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ച് താമസംവിനാ ലഭ്യമാക്കുന്നതാണെന്ന വിവരം സമിതിയെ അറിയിക്കുന്നു.

(സമിതിയുടെ 19-9-2019-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**19-9-2019-ൽ സമിതി ആരാഞ്ഞ അധിക വിവരം**

വൃദ്ധജനങ്ങൾക്കായി റിക്രിയേഷൻ കേന്ദ്രങ്ങളും വായനശാലകളും സ്ഥാപിച്ചിട്ടുള്ളതും ഇല്ലാത്തതും, കൂടാതെ പകൽ വീടുകൾ ഇനിയും സ്ഥാപിച്ചിട്ടില്ലാത്തതുമായ ഗ്രാമ പഞ്ചായത്തുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുക.

**19-9-2019-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

[തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിന്റെ 30-6-2023-ലെ 682/ഡി.സി3/2018/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 21-ന്മേലുള്ള റിപ്പോർട്ട് നിയമസഭാ സമിതി പരഗണിക്കുകയും വൃദ്ധജനങ്ങൾക്കായി റിക്രിയേഷൻ കേന്ദ്രങ്ങളും വായനശാലകളും സ്ഥാപിച്ചിട്ടുള്ളതും ഇല്ലാത്തതും, കൂടാതെ പകൽവീടുകൾ ഇനിയും സ്ഥാപിച്ചിട്ടില്ലാത്തതുമായ ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ നിയമസഭാ സമിതി നിർദേശിക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ ചുവടെ ചേർക്കും പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ക്രോഡീകരിച്ച് സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ സമിതി മുൻപാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

- ആകെ ഗ്രാമപഞ്ചായത്തുകൾ - 941
- പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 470
- പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 471
- റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 63
- വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -26

**ജില്ല തിരിച്ചുള്ള വിവരങ്ങൾ**

**തിരുവനന്തപുരം**

ആകെ ഗ്രാമപഞ്ചായത്തുകൾ -73

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 37

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 36

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ :

അതിയൂർ ഗ്രാമപഞ്ചായത്ത്, ബാലരാമപുരം ഗ്രാമപഞ്ചായത്ത്, ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്, ഇടവ ഗ്രാമപഞ്ചായത്ത്, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്, കരവാരം ഗ്രാമപഞ്ചായത്ത്, കാരോട് ഗ്രാമപഞ്ചായത്ത്, കരുംകുളം ഗ്രാമപഞ്ചായത്ത്, കിളിമാനൂർ ഗ്രാമപഞ്ചായത്ത്, കിഴുവിലം ഗ്രാമപഞ്ചായത്ത്, കോട്ടുകാൽ ഗ്രാമപഞ്ചായത്ത്, മുദാക്കൽ ഗ്രാമപഞ്ചായത്ത്, നന്ദിയോട് ഗ്രാമപഞ്ചായത്ത്, നെല്ലനാട് ഗ്രാമപഞ്ചായത്ത്, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്, പനവൂർ ഗ്രാമപഞ്ചായത്ത്, പാങ്ങോട് ഗ്രാമപഞ്ചായത്ത്, പാറശ്ശാല ഗ്രാമപഞ്ചായത്ത്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്, പൂവാർ ഗ്രാമപഞ്ചായത്ത്, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്, തിരുപുറം ഗ്രാമപഞ്ചായത്ത്, തൊളിക്കോട് ഗ്രാമപഞ്ചായത്ത്, ഉഴമലക്കൽ ഗ്രാമപഞ്ചായത്ത്, വക്കം ഗ്രാമപഞ്ചായത്ത്, വാമനപുരം ഗ്രാമപഞ്ചായത്ത്, വെള്ളനാട് ഗ്രാമപഞ്ചായത്ത്, വെമ്പായം ഗ്രാമപഞ്ചായത്ത്, വിളപ്പിൽ ഗ്രാമപഞ്ചായത്ത്, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്, പോത്തൻകോട് ഗ്രാമപഞ്ചായത്ത്, കാട്ടാക്കട ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 3

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 2

**കൊല്ലം**

ആകെ ഗ്രാമപഞ്ചായത്തുകൾ - 68

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 42

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 26

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ :

ആലപ്പാട് ഗ്രാമപഞ്ചായത്ത്, പട്ടാഴി ഗ്രാമപഞ്ചായത്ത്, അലയമൺ ഗ്രാമപഞ്ചായത്ത്, പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്, ചവറ ഗ്രാമപഞ്ചായത്ത്, പേരയം ഗ്രാമപഞ്ചായത്ത്, ചിതറ ഗ്രാമപഞ്ചായത്ത്, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്,

എഴുകോൺ ഗ്രാമപഞ്ചായത്ത്, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്, കുളക്കട ഗ്രാമപഞ്ചായത്ത്, തഴവ ഗ്രാമപഞ്ചായത്ത്, കുമ്മിൾ ഗ്രാമപഞ്ചായത്ത്, തെന്മല ഗ്രാമപഞ്ചായത്ത്, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്, തേവലക്കര ഗ്രാമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്, തൊടിയൂർ ഗ്രാമപഞ്ചായത്ത്, മേലില ഗ്രാമപഞ്ചായത്ത്, തൃക്കരുവ ഗ്രാമപഞ്ചായത്ത്, മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്, വെട്ടിക്കവല ഗ്രാമപഞ്ചായത്ത്, നീണ്ടകര ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത്, നിലമേൽ ഗ്രാമപഞ്ചായത്ത്, പത്തനാപുരം ഗ്രാമപഞ്ചായത്ത്

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 1

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 0

**ആലപ്പുഴ**

ആകെ ഗ്രാമപഞ്ചായത്തുകൾ - 72

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 33

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 39

<u>പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:</u>

ആല ഗ്രാമപഞ്ചായത്ത്, ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത്, അരുക്കുറ്റി ഗ്രാമപഞ്ചായത്ത്, ആര്യാട് ഗ്രാമപഞ്ചായത്ത്, ചമ്പക്കുളം ഗ്രാമപഞ്ചായത്ത്, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്, ചെറുതന ഗ്രാമപഞ്ചായത്ത്, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്, ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്, എടത്വ ഗ്രാമപഞ്ചായത്ത്, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്, കൈനകരി ഗ്രാമപഞ്ചായത്ത്, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, കുത്തിയതോട് ഗ്രാമപഞ്ചായത്ത്, മാന്നാർ ഗ്രാമപഞ്ചായത്ത്, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്, മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്, മുതുകുളം ഗ്രാമപഞ്ചായത്ത്, നെടുമുടി ഗ്രാമപഞ്ചായത്ത്, നൂറനാട് ഗ്രാമപഞ്ചായത്ത്, പാലമേല് ഗ്രാമപഞ്ചായത്ത്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്, പാണ്ടനാട് ഗ്രാമപഞ്ചായത്ത്, പെരുമ്പളം ഗ്രാമപഞ്ചായത്ത്, പുലിയൂർ ഗ്രാമപഞ്ചായത്ത്, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, പുറക്കാട് ഗ്രാമപഞ്ചായത്ത്, തകഴി ഗ്രാമപഞ്ചായത്ത്, തലവടി ഗ്രാമപഞ്ചായത്ത്, തഴക്കര ഗ്രാമപഞ്ചായത്ത്,തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്, വെണ്മണി ഗ്രാമപഞ്ചായത്ത്, ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 0

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 0

**പത്തനംത്തിട്ട**

ആകെ ഗ്രാമപഞ്ചായത്തുകൾ - 53

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 12

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 41

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:

ആറൻമുള ഗ്രാമപഞ്ചായത്ത്, അരുവാപ്പുലം ഗ്രാമപഞ്ചായത്ത്, അയിരൂർ ഗ്രാമപഞ്ചായത്ത്, ചെന്നീർക്കര ഗ്രാമപഞ്ചായത്ത്, ചെറുകോൽ ഗ്രാമപഞ്ചായത്ത്, ചിറ്റാർ ഗ്രാമപഞ്ചായത്ത്, ഇലന്തൂർ ഗ്രാമപഞ്ചായത്ത്, ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്, ഏറത്ത് ഗ്രാമപഞ്ചായത്ത്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്, ഏഴംകുളം ഗ്രാമപഞ്ചായത്ത്, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്, കടമ്പനാട് ഗ്രാമപഞ്ചായത്ത്, കടപ്ര ഗ്രാമപഞ്ചായത്ത്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്, കവിയൂർ ഗ്രാമപഞ്ചായത്ത്, കോയിപ്രം ഗ്രാമപഞ്ചായത്ത്, കോന്നി ഗ്രാമപഞ്ചായത്ത്, കൊറ്റനാട് ഗ്രാമപഞ്ചായത്ത്, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, കുറ്റൂർ ഗ്രാമപഞ്ചായത്ത്, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, മെഴുവേലി ഗ്രാമപഞ്ചായത്ത്, മൈലപ്ര ഗ്രാമപഞ്ചായത്ത്, നാറാണമൂഴി ഗ്രാമപഞ്ചായത്ത്, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്, ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പ്രമാടം ഗ്രാമപഞ്ചായത്ത്, പുറമറ്റം ഗ്രാമപഞ്ചായത്ത്, റാന്നി ഗ്രാമപഞ്ചായത്ത്, റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത്, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത്, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, തുമ്പമൺ ഗ്രാമപഞ്ചായത്ത്, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്, വള്ളിക്കോട് ഗ്രാമപഞ്ചായത്ത്, കൊടുമൺ ഗ്രാമപഞ്ചായത്ത്

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 2

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 1

**കോട്ടയം**

ആകെ ഗ്രാമപഞ്ചായത്തുകൾ - 71

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 27

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 44

<u>പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:</u>

അകലക്കുന്നം ഗ്രാമപഞ്ചായത്ത്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, അയ്മനം ഗ്രാമപഞ്ചായത്ത്, ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്, ചെമ്പ് ഗ്രാമപഞ്ചായത്ത്, എരുമേലി ഗ്രാമപഞ്ചായത്ത്, കടനാട് ഗ്രാമപഞ്ചായത്ത്, കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്, കറുകച്ചാൽ ഗ്രാമപഞ്ചായത്ത്, കുരോപ്പട ഗ്രാമപഞ്ചായത്ത്, കോരുത്തോട് ഗ്രാമപഞ്ചായത്ത്, കുമരകം ഗ്രാമപഞ്ചായത്ത്, കുറിച്ചി ഗ്രാമപഞ്ചായത്ത്, മാടപ്പള്ളി ഗ്രാമപഞ്ചായത്ത്, മണർകാട് ഗ്രാമപഞ്ചായത്ത്, മണിമല ഗ്രാമപഞ്ചായത്ത്, മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത്, മീനച്ചിൽ ഗ്രാമപഞ്ചായത്ത്, മീനടം ഗ്രാമപഞ്ചായത്ത്, മേലുകാവ് ഗ്രാമപഞ്ചായത്ത്, മുളക്കുളം ഗ്രാമപഞ്ചായത്ത്, മുണ്ടക്കയം ഗ്രാമപഞ്ചായത്ത്, മുത്തോലി ഗ്രാമപഞ്ചായത്ത്, നീണ്ടൂർ ഗ്രാമപഞ്ചായത്ത്, പായിപ്പാട് ഗ്രാമപഞ്ചായത്ത്, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്, പാമ്പാടി ഗ്രാമപഞ്ചായത്ത്, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, പാറത്തോട് ഗ്രാമപഞ്ചായത്ത്, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്, രാമപുരം ഗ്രാമപഞ്ചായത്ത്, ടി.വി.പുരം ഗ്രാമപഞ്ചായത്ത്, തീക്കോയി ഗ്രാമപഞ്ചായത്ത്, തലനാട് ഗ്രാമപഞ്ചായത്ത്, തലയാഴം ഗ്രാമപഞ്ചായത്ത്, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്, വാകത്താനം ഗ്രാമപഞ്ചായത്ത്, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, വെള്ളാവൂർ ഗ്രാമപഞ്ചായത്ത്, വെള്ളൂർ ഗ്രാമപഞ്ചായത്ത്, വിജയപുരം ഗ്രാമപഞ്ചായത്ത്

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 6

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 2

**ഇടുക്കി**

ആകെ ഗ്രാമപഞ്ചായത്തുകൾ - 52

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 32

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 20

<u>പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:</u>

ആലക്കോട് ഗ്രാമപഞ്ചായത്ത്, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, കുടയത്തൂർ ഗ്രാമപഞ്ചായത്ത്, കോടിക്കുളം ഗ്രാമപഞ്ചായത്ത്, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്, വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്, മുട്ടം ഗ്രാമപഞ്ചായത്ത്, കാമാക്ഷി ഗ്രാമപഞ്ചായത്ത്, മരിയാപുരം ഗ്രാമപഞ്ചായത്ത്, സേനാപതി ഗ്രാമപഞ്ചായത്ത്, പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്,

ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്, കോന്നത്തടി ഗ്രാമപഞ്ചായത്ത്, പള്ളിവാസൽ ഗ്രാമപഞ്ചായത്ത്, അടിമാലി ഗ്രാമപഞ്ചായത്ത്, വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത്, ബൈസൺവാലി ഗ്രാമപഞ്ചായത്ത്, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -1

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 1

**എറണാകുളം**

ആകെ ഗ്രാമപഞ്ചായത്തുകൾ - 82

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 24

പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 58

<u>പകൽവീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:</u>

ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്, ആരക്കുഴ ഗ്രാമപഞ്ചായത്ത്, അശമന്നൂർ ഗ്രാമപഞ്ചായത്ത്, ഐക്കരനാട് ഗ്രാമപഞ്ചായത്ത്, ആവോലി ഗ്രാമപഞ്ചായത്ത്, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്, എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്, എടവനക്കാട് ഗ്രാമപഞ്ചായത്ത്, ഏഴിക്കര ഗ്രാമപഞ്ചായത്ത്, കടമക്കുടി ഗ്രാമപഞ്ചായത്ത്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, കാലടി ഗ്രാമപഞ്ചായത്ത്, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്, കറുകുറ്റി ഗ്രാമപഞ്ചായത്ത്, കരുമാലൂർ ഗ്രാമപഞ്ചായത്ത്, കവളങ്ങാട് ഗ്രാമപഞ്ചായത്ത്, കീരംപാറ ഗ്രാമപഞ്ചായത്ത്, കീഴ്മാട് ഗ്രാമപഞ്ചായത്ത്, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്, കുമ്പളം ഗ്രാമപഞ്ചായത്ത്, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്, കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്, കൂവപ്പടി ഗ്രാമപഞ്ചായത്ത്, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്, മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്ത്, മണീട് ഗ്രാമപഞ്ചായത്ത്, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്, മാറാടി ഗ്രാമപഞ്ചായത്ത്, മഴുവന്നൂർ ഗ്രാമപഞ്ചായത്ത്, മുക്കന്നൂർ ഗ്രാമപഞ്ചായത്ത്, മുടക്കുഴ ഗ്രാമപഞ്ചായത്ത്, നായരമ്പലം ഗ്രാമപഞ്ചായത്ത്, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്, പായിപ്ര ഗ്രാമപഞ്ചായത്ത്, പാറക്കടവ് ഗ്രാമപഞ്ചായത്ത്, പിണ്ടിമന ഗ്രാമപഞ്ചായത്ത്, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്, പൂത്തൃക ഗ്രാമപഞ്ചായത്ത്, ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്, തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്, വടവുക്കോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്, വാളകം

ഗ്രാമപഞ്ചായത്ത്, വരാപ്പുഴ ഗ്രാമപഞ്ചായത്ത്, വാഴക്കുളം ഗ്രാമപഞ്ചായത്ത്, വെങ്ങോല ഗ്രാമപഞ്ചായത്ത്, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്, ഇൗറവൂർ ഗ്രാമപഞ്ചായത്ത്, തിരുമാറാടി ഗ്രാമപഞ്ചായത്ത്, ഒക്കല് ഗ്രാമപഞ്ചായത്ത്, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം-7

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -3

**തൃശ്ശൂർ**

ആകെ ഗ്രാമപഞ്ചായത്തുകൾ-86

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 53

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -33

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:

അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്, ചാഴൂർ ഗ്രാമപഞ്ചായത്ത്, ചേർപ്പ് ഗ്രാമപഞ്ചായത്ത്, ചൂണ്ടൽ ഗ്രാമപഞ്ചായത്ത്, ഇടത്തിരുത്തി ഗ്രാമപഞ്ചായത്ത്, ഇടവിലങ്ങ് ഗ്രാമപഞ്ചായത്ത്, എരിയാട് ഗ്രാമപഞ്ചായത്ത്, കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്, കോലഴി ഗ്രാമപഞ്ചായത്ത്, കുഴൂർ ഗ്രാമപഞ്ചായത്ത്, മല ഗ്രാമപഞ്ചായത്ത്, മതിലകം ഗ്രാമപഞ്ചായത്ത്, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്, മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്, നടത്തറ ഗ്രാമപഞ്ചായത്ത്, നാട്ടിക ഗ്രാമപഞ്ചായത്ത്, ഒരുമനയൂർ ഗ്രാമപഞ്ചായത്ത്, പടിയൂർ ഗ്രാമപഞ്ചായത്ത്, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, പരിയാരം ഗ്രാമപഞ്ചായത്ത്, പോർക്കുളം ഗ്രാമപഞ്ചായത്ത്, പുന്നയൂർ ഗ്രാമപഞ്ചായത്ത്, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്, താന്നിയം ഗ്രാമപഞ്ചായത്ത്, തിരുവില്വാമല ഗ്രാമപഞ്ചായത്ത്, വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത്, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്, വരവൂർ ഗ്രാമപഞ്ചായത്ത്, വേളൂക്കര ഗ്രാമപഞ്ചായത്ത്, വേളൂർ ഗ്രാമപഞ്ചായത്ത്, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 13

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 8

**പാലക്കാട്**

ആകെ ഗ്രാമപഞ്ചായത്തുകൾ-88

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 49

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -39

<u>പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:</u>

അകത്തേത്തറ ഗ്രാമപഞ്ചായത്ത്, എലപ്പുള്ളി ഗ്രാമപഞ്ചായത്ത്, പറളി ഗ്രാമപഞ്ചായത്ത്, പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്, പെരുവെമ്പ് ഗ്രാമപഞ്ചായത്ത്, പിരായിരി ഗ്രാമപഞ്ചായത്ത്, പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, എരിമയൂർ ഗ്രാമപഞ്ചായത്ത്, കോട്ടായി ഗ്രാമപഞ്ചായത്ത്, കുത്തന്നൂർ ഗ്രാമപഞ്ചായത്ത്, മാത്തൂർ ഗ്രാമപഞ്ചായത്ത്, മേലാർകോട് ഗ്രാമപഞ്ചായത്ത്, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്, എരുത്തേൻപതി ഗ്രാമപഞ്ചായത്ത്, കൊടുവായൂർ ഗ്രാമപഞ്ചായത്ത്, കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്, പട്ടാഞ്ചേരി ഗ്രാമപഞ്ചായത്ത്, പുതുനഗരം ഗ്രാമപഞ്ചായത്ത്, വടകരപതി ഗ്രാമപഞ്ചായത്ത്, അഗളി ഗ്രാമപഞ്ചായത്ത്, അലനല്ലൂർ ഗ്രാമപഞ്ചായത്ത്, കരിമ്പുഴ ഗ്രാമപഞ്ചായത്ത്, കോട്ടോപാടം ഗ്രാമപഞ്ചായത്ത്, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്, പുതൂർ ഗ്രാമപഞ്ചായത്ത്, ഷോളയൂർ ഗ്രാമപഞ്ചായത്ത്, തച്ചമ്പാറ ഗ്രാമപഞ്ചായത്ത്, തെങ്കര ഗ്രാമപഞ്ചായത്ത്, ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്, കൊപ്പം ഗ്രാമപഞ്ചായത്ത്, കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്, മുതുതല ഗ്രാമപഞ്ചായത്ത്, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്, തൃത്താല ഗ്രാമപഞ്ചായത്ത്, വിളയൂർ ഗ്രാമപഞ്ചായത്ത്, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്, ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 1

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 2

**മലപ്പുറം**

ആകെ ഗ്രാമപഞ്ചായത്തുകൾ-94

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 38

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -56

<u>പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:</u>

എ.ആർ. നഗർ ഗ്രാമപഞ്ചായത്ത്, ആലംകോട് ഗ്രാമപഞ്ചായത്ത്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്, ആതവനാട് ഗ്രാമപഞ്ചായത്ത്, ചാലിയാർ ഗ്രാമപഞ്ചായത്ത്, ചീക്കോഡ് ഗ്രാമപഞ്ചായത്ത്, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്, ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്, ചോക്കാട് ഗ്രാമപഞ്ചായത്ത്, എടക്കര ഗ്രാമപഞ്ചായത്ത്, എടപ്പാൾ ഗ്രാമപഞ്ചായത്ത്, എടരിക്കോട് ഗ്രാമപഞ്ചായത്ത്, എടവണ്ണ ഗ്രാമപഞ്ചായത്ത്, എടയൂർ ഗ്രാമപഞ്ചായത്ത്, ഏലംകുളം ഗ്രാമപഞ്ചായത്ത്, ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്, കാലടി ഗ്രാമപഞ്ചായത്ത്, കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത്, കണ്ണമംഗലം

ഗ്രാമപഞ്ചായത്ത്, കാവനൂർ ഗ്രാമപഞ്ചായത്ത്, കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്, കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്, കോഡൂർ ഗ്രാമപഞ്ചായത്ത്, കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്, കുറുവ ഗ്രാമപഞ്ചായത്ത്, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്, മംഗളം ഗ്രാമപഞ്ചായത്ത്, മങ്കട ഗ്രാമപഞ്ചായത്ത്, മാറാക്കര ഗ്രാമപഞ്ചായത്ത്, മേലാറ്റൂർ ഗ്രാമപഞ്ചായത്ത്, മൂന്നിയൂർ ഗ്രാമപഞ്ചായത്ത്, മൊറയൂർ ഗ്രാമപഞ്ചായത്ത്, മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്, നന്നമ്പ്ര ഗ്രാമപഞ്ചായത്ത്, നിറമരുതൂർ ഗ്രാമപഞ്ചായത്ത്, ഒഴൂർ ഗ്രാമപഞ്ചായത്ത്, പറപ്പൂർ ഗ്രാമപഞ്ചായത്ത്, പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്, പെരുമ്പടപ്പ ഗ്രാമപഞ്ചായത്ത്, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്, പൊന്മള ഗ്രാമപഞ്ചായത്ത്, പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്, പോത്തുകൽ ഗ്രാമപഞ്ചായത്ത്, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്, തവനൂർ ഗ്രാമപഞ്ചായത്ത്, തെന്നല ഗ്രാമപഞ്ചായത്ത്, ഊരകം ഗ്രാമപഞ്ചായത്ത്, വട്ടംകുളം ഗ്രാമപഞ്ചായത്ത്, വാഴക്കാട് ഗ്രാമപഞ്ചായത്ത്, വാഴയൂർ ഗ്രാമപഞ്ചായത്ത്, വഴിക്കടവ് ഗ്രാമപഞ്ചായത്ത്, വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്, വണ്ടൂർ ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 5

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 0

**കോഴിക്കോട്**

ആകെ ഗ്രാമപഞ്ചായത്തുകൾ-70

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 46

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -24

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:

അരിക്കുളം ഗ്രാമപഞ്ചായത്ത്, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്, അഴിയൂർ ഗ്രാമപഞ്ചായത്ത്, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്, എടച്ചേരി ഗ്രാമപഞ്ചായത്ത്, ഏറാമല ഗ്രാമപഞ്ചായത്ത്, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കായക്കൊടി ഗ്രാമപഞ്ചായത്ത്, കീഴരിയൂർ ഗ്രാമപഞ്ചായത്ത്, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്, കൂടഞ്ഞരഞ്ഞി ഗ്രാമപഞ്ചായത്ത്, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്, കുറ്റ്യാടി ഗ്രാമപഞ്ചായത്ത്, നാദാപുരം ഗ്രാമപഞ്ചായത്ത്, പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, പെരുവയൽ ഗ്രാമപഞ്ചായത്ത്, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്, താമരശ്ശേരി ഗ്രാമപഞ്ചായത്ത്, തിക്കോടി ഗ്രാമപഞ്ചായത്ത്, ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്, ചോറോട് ഗ്രാമപഞ്ചായത്ത്, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 4

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 1

**വയനാട്**

ആകെ ഗ്രാമപഞ്ചായത്തുകൾ-23

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 19

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -4

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:

മേപ്പാടി ഗ്രാമപഞ്ചായത്ത്, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്, തരിയോട് ഗ്രാമപഞ്ചായത്ത്, വെങ്ങാപ്പള്ളി ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 4

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 0

**കണ്ണൂർ**

ആകെ ഗ്രാമപഞ്ചായത്തുകൾ-71

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 33

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -38

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്, ആറളം ഗ്രാമപഞ്ചായത്ത്, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, ഉളിക്കൽ ഗ്രാമപഞ്ചായത്ത്, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്, ഏഴോം ഗ്രാമപഞ്ചായത്ത്, കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത്, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്, കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത്, കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്, കേളകം ഗ്രാമപഞ്ചായത്ത്, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ഗ്രാമപഞ്ചായത്ത്, കോളയാട് ഗ്രാമപഞ്ചായത്ത്, ചിറക്കൽ ഗ്രാമപഞ്ചായത്ത്, ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത്, ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, ചൊക്ലി ഗ്രാമപഞ്ചായത്ത്, തില്ലങ്കേരി ഗ്രാമപഞ്ചായത്ത്, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്, ന്യൂമാഹി ഗ്രാമപഞ്ചായത്ത്, പടിയൂർ ഗ്രാമപഞ്ചായത്ത്, പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്, പാട്യം ഗ്രാമപഞ്ചായത്ത്, പായം ഗ്രാമപഞ്ചായത്ത്, പെരളശ്ശേരി ഗ്രാമപഞ്ചായത്ത്, പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്, പേരാവൂർ ഗ്രാമപഞ്ചായത്ത്, മലപ്പട്ടം ഗ്രാമപഞ്ചായത്ത്, മാടായി ഗ്രാമപഞ്ചായത്ത്, മാട്ടൂർ ഗ്രാമപഞ്ചായത്ത്, മാലൂർ ഗ്രാമപഞ്ചായത്ത്, മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്, മൊകേരി

ഗ്രാമപഞ്ചായത്ത്, വളപട്ടണം ഗ്രാമപഞ്ചായത്ത്, കടമ്പൂർ ഗ്രാമപഞ്ചായത്ത്, കണിച്ചാർ ഗ്രാമപഞ്ചായത്ത്, ധർമ്മടം ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെൻ്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 16

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 6

**കാസർഗോഡ്**

ആകെ ഗ്രാമപഞ്ചായത്തുകൾ-38

പകൽവീട് സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 25

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം -13

പകൽ വീട് സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ:

ബെള്ളൂർ ഗ്രാമപഞ്ചായത്ത്, എൻമകജെ ഗ്രാമപഞ്ചായത്ത്, കുമ്പഡാജെ ഗ്രാമപഞ്ചായത്ത്, കുമ്പള ഗ്രാമപഞ്ചായത്ത്, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്, മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്, മീഞ്ച ഗ്രാമപഞ്ചായത്ത്, മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്, മുളിയാർ ഗ്രാമപഞ്ചായത്ത്, പടന്ന ഗ്രാമപഞ്ചായത്ത്, പുത്തിഗെ ഗ്രാമപഞ്ചായത്ത്, വലിയപറമ്പ ഗ്രാമപഞ്ചായത്ത്, വൊർക്കാടി ഗ്രാമപഞ്ചായത്ത്.

റിക്രിയേഷൻ സെൻ്ററുകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 0

വായനശാലകൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 0

(സമിതിയുടെ 17-10-2023-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ-22**

ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ കാരണം മുതിർന്ന പൗരന്മാർക്ക് ബസ് യാത്ര ദുരിതപൂർണ്ണമാണെന്ന് സമിതിക്ക് ലഭിച്ച വളരെയേറെ പരാതികളിൽ ചൂണ്ടിക്കാട്ടപ്പെടുകയുണ്ടായി. ആയതിനാൽ ബസ്സുകളിൽ വൃദ്ധജനങ്ങൾക്ക് കയറുവാനും ഇറങ്ങുവാനും സൗകര്യപ്രദമാകുന്ന രീതിയിൽ ചവിട്ടുപടികളുടെ ഉയരം ക്രമീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ ഗതാഗതവകുപ്പ് അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

[ഗതാഗത (എ) വകുപ്പിന്റെ 9-4-2013-ലെ 19551/എ 2/ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി]

1989-ലെ കേരള മോട്ടോർ വാഹന ചട്ടം 282(1) പ്രകാരം ചവിട്ടുപടിയുടെ ഉയരം 40 സെന്റീമീറ്ററിൽ കൂടാനോ 25 സെന്റീമീറ്ററിൽ കുറയുവാനോ പാടുള്ളതല്ല. ചവിട്ടുപടിയുടെ ഉയരം 25 സെന്റീമീറ്ററിൽ നിന്ന് വീണ്ടും കുറയ്ക്കുന്ന തരത്തിൽ നിയമഭേദഗതി വരുത്തുകയാണെങ്കിൽ ടി വാഹനങ്ങൾ ഹമ്പിൽ കയറി ഇറങ്ങുമ്പോഴോ ഗട്ടറിൽ വീഴുമ്പോഴോ ചവിട്ട് പടിയ്ക്കും അതുവഴി യാത്രക്കാർക്കും അപകടം സംഭവിക്കാവുന്നതാണ്.

എന്നാൽ 40 സെന്റീമീറ്ററിൽ കൂടുതൽ ഉയരത്തിൽ ചവിട്ടുപടികൾ ക്രമീകരിക്കുന്ന ബസ്സുകൾക്കെതിരെ ബസ്സിന്റെ നമ്പരും റൂട്ടും തീയതിയും കാണിച്ച് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് പരാതി നൽകിയാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സമിതിയുടെ 27-8-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,

*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരൻമാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 14.